# സുവിശേഷ വെളിച്ചം പ്രകാശിച്ച ഫിലദെൽഫ്യാ കാലയളവ് (വെളിപാട് പഠനം47)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

## പ്രബോധനം

വാക്യം. 3: 11 ''ഞാന് വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊള്ക''

## 1 ഞാന് വേഗം വരുന്നു.

സഹിഷ്ണതയോടെ കർത്താവിന്റെ വരവിനുവേൺടി കാത്തിരിക്കുന്ന വിശ്വാസികൾക്ക് നൽകുന്ന നാഥന്റെ ആശ്വാസ വാക്കുകളാണ് ഞാന് വേഗം വരുന്നു എന്നുള്ളത്. ഈ പുസ്തകത്തിന്റെ ഒടുവിലും കർത്താവു തരുന്ന വാഗ്ദത്തം ഞാന് വേഗം വരുന്നു എന്നുള്ളതാണ്. സുവിശേഷപ്രഘോഷണത്തില് വളരെയധികം അദ്ധ്വാനിച്ച ഫിലദെൽഫ്യാ സഭയിലെ വിശ്വാസികൾക്ക് പ്രത്യാശയുടെ ഈ വാക്കുകള് വളരെയധികം ഉത്തേജനം നൽകി. വചനപഠനവും സുവിശേഷഘോഷണവും ആത്മീക ഉണർവ്വും ആയിരുന്നു ഈ സഭയുടെ ലക്ഷ്യം. രൺടാം വരവിന്റെ വാഗ്ദത്തവും കിരീടം നഷ്ടപ്പെടാതെ കരുതിക്കൊൾവാനുള്ള പ്രബോധനവും ഒരുമിച്ചു കാണുന്നതിനാല് അവര് കർത്താവിന്റെ രൺടാം വരവില് പ്രിയം വെച്ചു കാത്തിരുന്നവരാണെന്ന് വ്യക്തമാകുന്നു. മുന്നറിയിപ്പുകൂടാതെ വരുന്ന മഹോദ്രവകാലമോ അന്തിക്രിസ്തുവിന്റെ മുന്നറിയിപ്പായിരിക്കയില്ല. അവന് അവയ്ക്കു മുൻപേ വരും. കർത്താവിന്റെ വരവും സഭയുടെ ഉൾപ്രാപണവും നൊടിനേരത്തിനുള്ളിലായിരിക്കും. 1 കൊരി. 15: 51, 52. കർത്താവിന്റെ വരവിന് രൺടു ഉദ്ദേശമുള്ളതായി പുതിയ നിയമത്തില് പറയുന്നു.

**1 അശ്രദ്ധരായി ജീവിക്കുന്നവർക്ക് മുന്നറിയിപ്പ്.** പ്രതീക്ഷിക്കാത്ത നാഴികയില് യജമാനന് വരികയും ന്യായവിധി നടത്തുകയും ചെയ്യും. മത്തായി. 24: 4851. കർത്താവിന്റെ വരവിങ്കല് സുവിശേഷം അനുസരിക്കാത്തവരെ ന്യായം വിധിക്കും. 2 തെസ്സ. 1: 79; 1 പത്രൊ. 4: 5.

**2 കഷ്ടം അനുഭവിക്കുന്നവർക്ക് ആശ്വാസം.** യാക്കോ. 5: 7. കർത്താവ് വേഗം വരുന്നതിനാല് ഇപ്പോഴത്തെ കഷ്ടത ക്ഷമയോടെ സഹിക്കുക. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാനുള്ളവന് വരും. താമസിക്കയുമില്ല. എബ്രാ 10: 37.

ഒരു ദൈവപൈതലിന്റെ പ്രത്യാശയാണ് കർത്താവിന്റെ വീൺടും വരവ്. കഷ്ടതയിലും ദുഃഖത്തിലുമിരിക്കുന്ന ഒരുവനെ ആശ്വസിപ്പിക്കുകയും നിരാശയുടെ വേളയില് ഉത്സാഹത്തെയും ക്ഷീണിച്ചിരിക്കുമ്പോള് ശക്തിയേയും പ്രദാനം ചെയ്കയും ചെയ്യുന്ന വിഷയം കർത്താവിന്റെ വരവ് എന്നുള്ളതാണ്. കർത്താവിനുവേൺടി അദ്ധ്വാനിക്കാനും ഉണർന്ന് ഒരുങ്ങി കാത്തിരിക്കാനും ഒരു വിശ്വാസിയെ പ്രേരിപ്പിക്കുന്നത് ഈ അറിവത്രേ. വേദപുസ്തകത്തിലെ സുപ്രധാന വിഷയമാണ് ഇത്. അപ്പോസ്തലൻമാരുടെ പ്രധാന പ്രസംഗ വിഷയമായിരുന്നു ഇത്. കർത്താവിന്റെ പുനരാഗമനത്തിനുവേൺടി അവര് അനുനിമിഷം നോക്കി പാർത്തിരുന്നു.

യേശു വീണ്ടും വരും എന്നുള്ളത് യേശു തന്നെ പ്രഖ്യാപിച്ചു. പ്രവൃത്തി. 1: 11. അപ്പോസ്തലൻമാര് അത് ആവർത്തിച്ചു. 1 തെസ്സ. 4: 16, 17; 1 കൊരി. 16: 22; എബ്രാ. 9: 28; ഫിലി. 3: 20. നൂറ്റാണ്ടുകൾക്ക് മുമ്പേ പ്രവചനരൂപേണ കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രസംഗം നടന്നുകൊണ്ടേയിരുന്നു. യൂദ. 15. ദൈവത്തോടു കൂടെ നടന്ന ഹനോക്കിന് അത് വെളിപ്പെട്ടു. ദൈവത്തോടുകൂടെ നടക്കുന്നവർക്ക് ഈ വിഷയം മറവായിരിക്കുന്നില്ല.

## 2 നിന്റെ കിരീടം ആരും എടുക്കാതെ നോക്കുക

രണ്ടാം വരവിന്റെ വാഗ്ദത്തവും കിരീടം നഷ്ടമാകാതെ കരുതിക്കൊള്ളുവാനുള്ള പ്രബോധനവും ഒരുമിച്ചു കാണുന്നതിനാല് അവര് കർത്താവിന്റെ രണ്ടാം വരവില് പ്രിയം വെച്ചു കാത്തിരുന്നവരാണെന്ന് വ്യക്തമായി മനസ്സിലാക്കാം. കരുതലില്ലായ്മ നമുക്കുള്ള പ്രതിഫലത്തെ ബാധിക്കുന്നു. കിരീടം നഷ്ടമാകാതിക്കാന് തങ്ങൾക്കുള്ളതു മുറുകെ പിടിച്ചുകൊള്ളുവാന് കർത്താവ് ഈ സഭയോടു ബുദ്ധിയുപദേശിക്കുന്നു. ആകയാല് ദൈവം ഉദ്ദേശിച്ചിട്ടുള്ള കിരീടം സൂക്ഷിച്ചില്ലെങ്കില് മറ്റൊരുവന് ലഭിക്കുവാന് സാദ്ധ്യതയുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുന്നു. ദൈവം ഓരോരുത്തർക്കും ഒരു പ്രവർത്തനവും കിരീടവും വച്ചിട്ടുണ്ട്. ആ പ്രവർത്തനം നിറവേറ്റുന്നതില് വിശ്വസ്തത പാലിക്കുന്നില്ലെങ്കില് ആ കിരീടം അവർക്കു ലഭിക്കുകയില്ല. ആ പ്രവർത്തി ചെയ്യുവാന് ദൈവം മറ്റൊരുവനെ എഴുന്നേൽപ്പിക്കുകയും നിങ്ങൾക്കായി ഉദ്ദേശിച്ചിരിക്കുന്ന കിരീടം അവനു കൊടുക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ അപ്പോസ്തലൻമാർക്കല്ലാം ദൈവം ഓരോ പ്രവർത്തനം നിശ്ചയിച്ചിരുന്നു. എന്നാല് ഇസ്കര്യോത്താ യൂദാ അവിശ്വസ്തനായി തീർന്നു. ആയതിനാല് അവന്റെ കിരീടം അവനു നഷ്ടപ്പെട്ടു. മറ്റൊരുവനാണ് യൂദാ ചെയ്യേണ്ടിയിരുന്ന പ്രവർത്തനം തികച്ചത്. ആ വ്യക്തിക്ക് സ്വന്തം കിരീടത്തിന് പുറമേ യൂദായുടെ കിരീടം കൂടി ലഭിക്കും. ദൈവം തന്നതിനെ നാം മുറുകെ പിടിച്ചുകൊള്ളേണം.

സുവിശേഷഘോഷണം, വചനത്തിന്റെ അനുസരണം, കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശ ഇവയൊന്നും നഷ്ടപ്പെടുത്താതെ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന കിരീടങ്ങള് ആരും എടുക്കാതെ സൂക്ഷിച്ചുകൊള്ളുവാന് കർത്താവ് നൽകുന്ന ഉപദേശമാണിത്.
നിനക്കുള്ളത് പിടിച്ചുകൊള്ക എന്നുള്ളത് സഭയുടെ ഉത്തരവാദിത്വങ്ങളെ ഉണർത്തുന്ന വാക്കുകളാണ്. നിനക്കുള്ളത് ദൈവവചനവും എന്റെ നാമവും ആണ്. അത് കർത്താവിന്റെ വരവുവരെ പിടിച്ചുകൊള്ളേണം. നാം വചനത്തെ അവഗണിക്കരുത്. കർത്താവിന്റെ വചനം നാം വിട്ടുകളഞ്ഞാല് നാം പരാജിതരായിത്തീരും. ഫിലദെൽഫ്യാ സഭയ്ക്കു പരസ്പര സ്നേഹവും വിശ്വസ്തതയും ഉണ്ടെങ്കിലും ഒരു പ്രത്യേക അപകട സ്ഥിതി ഉണ്ടെന്ന് വ്യക്തമാണ്. ഇപ്പോള് സഭ ആയിരിക്കുന്ന നിലയില് നിന്നും അധഃപതിച്ചാല് അഥവാ വചനവും കർത്താവിന്റെ നാമവും പരിത്യജിച്ചാല് അവരുടെ സ്ഥിതി ഭയാനകമാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ആത്മരക്ഷ വ്യവസ്ഥാനുസരണമായ ഒന്നാണ്. ആകയാല് നാം വളരെ സൂക്ഷമതയുള്ളവരും വിനയമുള്ളവരും

ആയിരിക്കേണം. ഇല്ലെങ്കില് നാമും അപകടത്തിലായി പോകുവാന് സാദ്ധ്യതയുണ്ട്. നിൽക്കുന്നു എന്ന് തോന്നുന്നവന് വീഴാതിരിപ്പാന് സൂക്ഷിച്ചുകൊള്ളട്ടെ. 1 കൊരി. 10: 12. വിശ്വാസത്താല് നീ നിൽക്കുന്നു. ഞെളിയാതെ ഭയപ്പെടുക. സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കില് നിന്നെയും ആദരിക്കാതെ വന്നേക്കാം. റോമ. 11:20, 21. ആകയാല് നാം കരുതലുള്ളവര് ആയിരിക്കുക. അവസാനത്തോളം സഹിച്ചുനിൽക്കുന്നവർക്കു മാത്രമേ പിന്നത്തേതില് അവന്റെ മുമ്പില് നിൽപ്പാനും അവനില് നിന്നും പ്രതിഫലം പ്രാപിക്കുവാനും സാധിക്കുകയുള്ളു. ആകയാല് നമ്മുടെ കിരീടം ആരും എടുക്കാതിരിപ്പാന് നമുക്ക് ജാഗ്രതയുള്ളവരായിരിക്കാം.

## പ്രതിഫലം

വാക്യം. 12, 13. ജയിക്കുന്നവനെ ഞാന് എന്റെ ദൈവത്തിന്റെ ആലയത്തില് ഒരു തൂണാക്കും. അവന് ഒരിക്കലും അവിടെ നിന്നും പോകയില്ല. എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കല് നിന്ന്, സ്വർഗ്ഗത്തില് നിന്നുതന്നേ, ഇറങ്ങുന്ന പുതിയ യരൂലേം എന്ന എന്റെ ദൈവത്തിന് നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാന് അവന്റെമേല് എഴുതും. ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവന് കേൾക്കട്ടെ.
മറ്റു സഭകൾക്കുള്ളതിലേറെ വാഗ്ദത്തങ്ങളാണ് ഫിലദെൽഫ്യ സഭയ്ക്കുള്ളത്. ഈ സഭയെക്കുറിച്ച് കർത്താവിന് പ്രശംസ മാത്രമേയുള്ളൂ. ഒരു കുറ്റാരോപണം ചൂണ്ടിക്കാണിക്കുന്നില്ല. പ്രശംസിക്കപ്പെട്ട പ്രവൃത്തികളില് പിടിച്ചു നിൽക്കുന്നവരാണ് യഥാർത്ഥ വിജയികള്. ഈ സഭയോടുള്ള ബന്ധത്തില് രണ്ടു പ്രതിഫലങ്ങളാണ് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നത്.

### 1 ദൈവത്തന്റെ ആലയത്തില് തൂണാക്കും

തൂണുകള് എന്നത് ആരും അക്ഷരാർത്ഥത്തില് എടുക്കയില്ലല്ലോ. ആദിമ സഭയില് യാക്കോബും കേഫാവും യോഹന്നാനും തൂണുകളായി എണ്ണപ്പെട്ടിരുന്നു. ഗലാ. 2: 9. സഭയിലുള്ള അവരുടെ പദവികളേയും അധികാരത്തേയും കാണിക്കുന്നതാണ് ഈ പ്രയോഗം. ജയാളികൾക്ക് ഭാവികാലത്തു ലഭിക്കുന്ന പ്രത്യേക പദവികളെ കാണിക്കുന്നു. ശലോമോന്റെ ദൈവാലയത്തില് രണ്ടു തൂണുകള് ഉൺടായിരുന്നു. വലത്തെ തൂണിന് യാഖിന്  (അവന് സ്ഥാപിക്കും) ഇടത്തെ തൂണിന് ബോവസ് (അവന് എന്റെ ബലം) എന്നായിരുന്നു പേര്. 1 രാജാ. 7: 1522.
ഫിലദെൽഫിയായിലെ ജയാളികൾക്ക് അനുയോജ്യമായ വാഗ്ദത്തമാണിത്. അവർക്ക് അല്പമേ ശക്തിയുള്ളു. എന്നാല് ദൈവം അവരെ ശക്തിയുള്ള തൂണുകളാക്കും. ക്രിസ്തീയ സഭയില് കോടാനുകോടി വിശുദ്ധരുൺട്. അവരില് ചിലര് പ്രാമാണ്യതയുള്ളവരായിരിക്കും. അവരിലും മുൻപന്തിയില് നിൽക്കുന്നവരാണ് 12 അപ്പോസ്തലൻമാര്. അവരിലും ശ്രേഷ്ഠരത്രേ പത്രോസ്, യാക്കോബ്, യോഹന്നാന്. ഗലാ. 2: 9. ദൈവസഭയാകുന്ന ദൈവാലയത്തില് ഇങ്ങനെയുള്ള വിജയികള് ഉന്നത പദവികള് പ്രാപിക്കുന്നവരായിരിക്കും. 1 തിമോ. 3: 15. നിത്യതയില് ഒരിക്കലും മാറ്റം വരാത്തതത്രേ ഈ പദവി.

ജയിക്കുന്നവനെ സഭയില് സ്ഥിരമായ ഒരു തൂണാക്കും. അവന് സഭയിലെ മറ്റുള്ളവരെ പിന്തുണയ്ക്കുകയും അവരുടെ ഭാരങ്ങള് വഹിക്കുകയും ചെയ്യുമെന്നാണ് അതിന്റെ അർത്ഥം. ഓരോ സഭയിലും ഇത്തരം തൂണുകളുടെ

ആവശ്യം ഇന്നുണ്ട്. വിശ്വസ്തരായിരുന്നാല് ഒരിക്കല് നാമും ദൈവത്തിന്റെ ആലയത്തില് തൂണുകളാകും. അതായത് നാമും ഒരു പ്രധാനപ്പെട്ട സ്ഥാനത്തിന് അർഹരാകും.

മനുഷ്യര് തള്ളിയതെങ്കിലും ദൈവസന്നിധിയില് ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കല് വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകള് എന്ന് 1 പത്രോ. 2: 45ല് നാം വായിക്കുന്നു. അവന് ഒരിക്കലും അവിടെ നിന്ന് പോവുകയില്ല എന്ന് പറഞ്ഞാല് ക്രിസ്തുവിശ്വാസികള് ആത്മീകരായി സുരക്ഷിതരാകുന്നു എന്നർത്ഥം. യഹൂദൻമാര് ശ്രേഷ്ഠരായ റബ്ബിമാരെ ലോകത്തിന് തൂണുകളായി ചിത്രീകരിച്ചിട്ടുണ്ട്. സഭയ്ക്ക് ലഭിക്കാന് പോകുന്ന ഉന്നത സ്ഥാനത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആത്മീകാർത്ഥത്തില്  തൂണ് അതിശ്രേഷ്ഠമായ നിലയെ കുറിക്കുന്നു.

സ്ഥിരവാസത്തെക്കുറിക്കുന്നതാണ് ഈ ഉപമാനം. ജയിക്കുന്നവർക്ക് ദൈവത്തിന്റെ ആലയത്തില് സ്ഥിരവാസം എന്നത് ശ്രേഷ്ഠ പദവിയാണ്. കൂടാതെ തൂണ് ഉത്തവാദിത്വമുള്ള സ്ഥാനത്തെ കാണിക്കുന്നു. സ്വർഗ്ഗത്തിലെ ദേവാലയത്തെക്കുറിച്ച് വെളിപ്പാട് 7: 15; 11: 19; 14:15; 15:5; 16: 1, 17 എന്നീ ഭാഗങ്ങളില് കാണുന്നു. ജയാളികൾക്ക് നിത്യതയില് മാന്യമായ സ്ഥാനങ്ങള് ലഭിക്കും. ഈ ലോകജീവിതത്തില് വിശ്വസ്തതയ്ക്കനുസരണമായി നിത്യതയിലെ സ്ഥാനമാനങ്ങള് രക്ഷിക്കപ്പെട്ട എല്ലാവരുടെയും അവകാശമാണ്. ഈ അനുഗ്രഹങ്ങള് സ്ഥിരമായിരിക്കും എന്ന് അവന് ഒരിക്കലും അവിടെ നിന്നു പോകയില്ല എന്ന് പ്രസ്താവനയില് അർത്ഥമാക്കുന്നു. പുറത്തുപോകയില്ല എന്നർത്ഥം.

പുരാതന പട്ടണം പലപ്പോഴും ഭൂകമ്പത്താല് തകർന്ന് നിലം പരിചായിക്കൊൺടിരുന്നു. എങ്കിലും ചില തൂണുകള് അവയുടെ അവശിഷ്ടമായി ശേഷിച്ചിരിക്കുന്നു. ഇതുപോലെ ജയാളികളായ വിശുദ്ധൻമാര് സ്വർഗ്ഗത്തില് ഓർമ്മ സ്തംഭങ്ങളായി നിലകൊള്ളും. പട്ടണത്തില് ബഹുമാനം കല്പിക്കേൺടവർക്കുവേൺടിയാണ് സ്തംഭങ്ങള് സ്ഥാപിക്കുന്നത്. ഈ തൂണുകള് വിശുദ്ധൻമാരുടെ സ്ഥാനം, പദവി, പ്രവൃത്തിയുടെ മാഹാത്മ്യം എന്നിവ എടുത്തുകാണിക്കുന്നു. ആലയത്തിന്റെ മേൽകൂര ഉയർത്തി നിർത്തുന്നത് തൂണുകളാണ്. ആരാധകരും ശുശ്രൂഷകരും ഒരുപോലെ ആലയത്തില് ക്രിസ്തുവിനെ ഉയർത്തേൺടവരും ഉയർത്തിയവരുമാണ്. അവര് അവന്റെ നാമം നിഷേധിച്ചിട്ടില്ല. വിശ്വാസം ത്യജിച്ചില്ല. അവര് ഇപ്പോള് ഒരു ഓർമ്മസ്തംഭമായി രൂപാന്തിരപ്പെട്ടിരിക്കുന്നു. ഫിലദെൽഫ്യാ കാലയളവില് പലവിധത്തിലും വിശ്വാസികളെ പുറത്താക്കുന്ന പതിവുൺടായിരുന്നു. വിശ്വാസത്തിന്റെ പേരില് എത്രയോ നിർദ്ദോഷികളാണ് പുറത്താക്കപ്പെട്ടത്. പക്ഷെ ഇനിയും അവര് ഇവിടെ പുറത്താക്കപ്പെടുകയില്ല. സ്വർഗ്ഗീയ വാസം സുസ്ഥിരമാണ്. സ്ഥിരവാസമാണ്. അതുതന്നെ ഒരു പ്രതിഫലമാകുന്നു. ദൈവം നൽകുന്ന ബഹുമതി നിത്യമാണ്.

## 2 ജയിക്കുന്നവന്റെ മേല് മൂന്നു നാമങ്ങള് എഴുതും

ജയിക്കുന്നവന്റെ മേല് ദൈവത്തിന്റെ നാമം, പുതിയ യരുശലേമിന്റെ നാമം, കർത്താവിന്റെ പുതിയ നാമം എന്നിങ്ങനെ നാമങ്ങള് എഴുതും.

### 1 ദൈവത്തിന്റെ നാമം

തിരുവചനത്തില് ദൈവത്തിന് സാധാരണയായി ഉപയോഗിച്ചിരിക്കുന്ന ബഹുവിധ നാമങ്ങള് അവിടുത്തെ സ്വഭാവവിശേഷങ്ങള് വെളിപ്പെടുത്തുന്നു. എങ്കിലും ദൈവത്തിന്റെ ശ്രേഷ്ഠമായ നാമവും ദൈവം അറിയപ്പെടുവാന് ആഗ്രഹിച്ചിരുന്നതുമായ നാമം യഹോവ എന്ന നാമം ആണ്. ഞാന് യഹോവ; അതു തന്നെ എന്റെ നാമം എന്ന് യശ. 48: 8ല് വായിക്കുന്നു. യഹോവ എന്നാല് സ്വയം ഭൂ. ഇരിക്കുന്നവനായി ഇരിക്കുന്നവന് എന്നർത്ഥം. കർത്താവിന്റെ നാമം അവസാനത്തോളം മുറുകെ പിടിച്ചവന് അതിന്റെ ഓർമ്മയായി പ്രസ്തുത സ്വഭാവത്തെ കാണിക്കുന്ന ദൈവനാമം തന്നെ എഴുതും. യഹോവ തന്റെ മഹത്തായ നാമം നിമിത്തം തന്റെ ജനത്തെ കൈവിടുകയില്ല. 1. ശാമുവേല്. 12: 22. പഴയ നിയമത്തില് ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കുമ്പോള് തന്റെ നാമം അവരുടെമേല് വയ്ക്കണമെന്ന് നിഷ്കർച്ചിരുന്നു. സംഖ്യ. 6: 27. ദൈവം വിശുദ്ധനാകയാല് തന്റെ നാമവും വിശുദ്ധമാണ്. ദൈവനാമം നൽകും എന്നതില്, ജയിക്കുന്നവന് വിശുദ്ധനെന്ന പ്രഖ്യാപനം കൂടി അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ സ്ഥാനപതികളായി തനിക്ക് പകരാമായി തന്റെ നാമം ധരിച്ചുകൊൺട് സഞ്ചരിക്കുന്നത് എത്രയോ പ്രശംസനീയമാണ്. ഉടമസ്ഥതയേയും അവകാശത്തെയും കാണിക്കുന്ന ആത്മീകാർത്ഥം ആണ് പേരെഴുത്തില് ഉള്ളത്. മുൻപത്തെ തൂണു അക്ഷരീകമല്ലല്ലോ. രക്ഷിക്കപ്പെട്ടവന്, ജയാളി ദൈവത്തിന്റെ വകയാണ് എന്ന അർത്ഥത്തില് ദൈവത്തിന്റെ പേരെഴുതും. ദൈവത്തിന്റെ നിത്യമായ പ്ലാന് ഇവിടെ പൂർത്തീകരിക്കപ്പെടുന്നു. വിശ്വാസികള് ക്രിസ്തുവിനോടു സദൃശ്യൻമാര് ആകുക അഥവാ അതേ പ്രതിമയായി രൂപാന്തിരപ്പെടുക എന്നതാണ് രക്ഷയില് ഉള്ള ആത്യന്തികമായ ദൈവീക ലക്ഷയ്ം. 1 യോഹ. 3: 2. ആ ലക്ഷയ് പ്രാപ്തിയില് മാത്രമേ കർത്താവ് സംതൃപ്തനാകയുള്ളൂ. ഒരു വിശ്വാസി ആർക്കുവേൺടി വിശ്വാസം കാത്തുകൊൺട് അഹോരാത്രം പോരാടിയോ ആ വ്യക്തിയുടെ നാമം ബഹുമതി സൂചകമായി ലഭിക്കുക എന്നത് വലിയ പദവിയാണ്. ദൈവത്തിന്റെ നാമം ധരിച്ചുകൊൺട് നിത്യതയില് നാം ആയിരിക്കുമ്പോള് ഇന്നു നാം ആരുടെ നാമത്തിനുവേൺടി നിലനിന്നിരുന്നു എന്ന് ആ നാമം എടുത്തു കാണിക്കുന്നു.

## 2 ദൈവത്തിന്റെ നഗരത്തിന്റെ നാമം

യെഹസ്ക്കേല് പ്രവചനത്തില് പുനർനിർമ്മാണം ചെയ്ത നഗരത്തിന്റെ പേര് യഹോവ ശമ്മ (യഹോവ അവിടെ) എന്നു കാണുന്നു. യെഹെ. 48: 35. ജയാളികളുടെ മേല് ദൈവത്തിന് നഗരമായ പുതിയ യരൂശലേമിന്റെ പേര് എഴുതും. അവിടെ എല്ലായ്പ്പോഴും ദൈവസാന്നിധ്യമുൺട്. ജയാളികള് അവിടെ എന്നേക്കും പ◌ൗരൻമാരായിരിക്കും. ജയാളികള് പുതിയ യരൂശലേമിലെ പ◌ൗരൻമാര് ആണ് എന്ന അർത്ഥത്തില് പുതിയ യരൂശലേമിന്റെ നാമം എഴുതും. ഫിലി. 3: 20; എബ്രാ. 11: 10; 12: 22; 13: 10; വിജയികളാകുന്ന സകല വിശുദ്ധൻമാരും പുതിയ യരൂശലേമിലേക്കുള്ള പ്രവേശനത്തിന് സർവ്വദാ യോഗ്യൻമാരാണ്. അവര് ദൈവത്തിന്റെ നഗരത്തിന്റെ നാമം തന്നെ ലഭിക്കുന്ന പുതിയ യരൂശലേം എന്ന വിശുദ്ധ നഗരത്തില് (വെളി. 21: 2) വിശുദ്ധൻമാർക്ക് ലഭിപ്പാന് പോകുന്ന സ്ഥാനത്തെ ഇത് എടുത്തു കാണിക്കുന്നു. പുതിയ ഭൂമിയുടെ കേന്ദ്രസ്ഥാനമാണ് പുതിയ യരൂശലേം. കേന്ദ്രത്തിന്റെ പ്രതിനിധിയായി ഭിക്കുന്നവര് എന്നു ചൂൺടിക്കാണിക്കുന്നു.

പുതിയ യരൂശലേം എന്നത് പുതിയ നിയമസഭയുടെ സ്വഭാവവും

വാസസ്ഥലവുമത്രെ. പുതിയ യരൂശലേം വാസികള് ജയാളികള് മാത്രമാണ്. ക്രിസ്തു പണി പൂർത്തിയാക്കിയതും നാം കാത്തിരുന്നതുമായ നഗരമാണിത്. ഈ നഗരത്തെക്കുറിച്ചുള്ള വിവരണം വെളി. 21; 923 വരെയുള്ള ഭാഗത്ത് ചേർത്തിരിക്കുന്നു. നഗരത്തില് പ്രകാശിപ്പാന് സൂര്യനും ചന്ദ്രനും ആവശ്യമില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിക്കുന്നു. കുഞ്ഞാട് അതിന്െറ വിളക്കാകുന്നു. വിശുദ്ധൻമാരാണ് നഗരവാസികള്. അതിനാല് നഗരത്തിന്െറ നാമം തന്നെ അവരുടെ മേലുഴുത്തായിരിക്കും. പ്രസ്തുത നാമം, അവരുടെ ജീവിതകാലത്ത് ആർക്കുവേൺടി വിശുദ്ധരായി ജീവിച്ചു എന്ന യാഥാർത്ഥ്യം എടുത്തകാണിക്കുന്നു.

## 3 എന്െറ പുതിയ നാമം

പുതിയ നാമം ലഭിക്കുന്നതിന്െറ പ്രാധാന്യം ഫിലദെൽഫ്യാക്കാർക്ക് അറിയാമായിരുന്നു. ഏ.ഡി. 17ാം നൂറ്റാൺടില് ഭയങ്കര ഭൂകമ്പം മൂലം നഗരം നശിച്ചപ്പോള് റോമാ ചക്രവർത്തിയായ തിബരിയോസ് കൈസര് നഗരം പുതുക്കി പണിയുവാന് സഹായിച്ചു. അതിന്െറ നന്ദിസൂചകമായി പുതിയ കൈസര്യ എന്ന് പുതുക്കി പണിത നഗരത്തിന് അവര് പേരിട്ടു. വെസ്പേഷന് ചക്രവർത്തിയുടെ കാലത്ത് പ്ലാവിയ എന്ന പുതുനാമം നഗരത്തിന് കൊടുത്തു. എന്നാല് യേശുക്രിസ്തു ജയാളികൾക്ക് നൽകുന്ന പുതിയ നാമം എന്തെന്ന് ഇപ്പോഴാർക്കും അറിഞ്ഞുകൂടാ. എഴുതിയിട്ടുള്ള ഒരു നാമവും അവനുൺട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ എന്ന് വെളി. 19: 22ല് എഴുതിയിരിക്കുന്നു. എന്നാല് രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്െറ ഉടുപ്പിൻേമലും തുടമേലും എഴുതിയിരിക്കുന്നു എന്ന് 19ന്െറ 16ല് വായിക്കുന്നു.

പുതിയ നാമം പുതിയ സ്വഭാവത്തെ കുറിക്കുന്നു. കൊലോ. 3: 7. ക്രിസ്തുവിനുവേൺടി വിശ്വസ്തരായി നിലനിൽക്കുന്നവർക്കുള്ള പദവികള് എത്രയോ ശ്രേഷ്ഠമാണ്. കർത്താവിന്െറ വകയാണ് എന്ന അർത്ഥത്തില് കർത്താവിന്െറ പുതിയ നാമവും ജയാളികളില് എഴുതുന്നു. യേശുവിന്െറ നാമം സകല നാമത്തിനും മേലായ നാമമാണ്. കർത്താവിന്െറ പുതിയ നാമം സൂചിപ്പിക്കുന്നത് ജയാളികള് യേശുവിന്െറ സ്വന്തം എന്നും യേശുവിനെപ്പോലെ നിർമ്മലര് എന്നുമാണ്. യഹോവയുടെ വായ് കൽപ്പിക്കുന്നു. പുതിയ പേര് നിനക്ക് വിളിക്കപ്പെടും. തന്െറ ദാസൻമാർക്ക് അവന് വേറൊരു പേര് വിളിക്കും. യശ. 62: 2; 65: 15. സഹസ്രാബ്ദ വാഴ്ചയില് വിശുദ്ധൻമാര് അറിയപ്പെടുന്നത് കർത്താവിന്െറ പുതിയ നാമത്തില് ആയിരിക്കും. കർത്താവിന്െറ നാമം മുറുകെ പിടിക്കുന്നവന്െറ മേല് ഈ നാമങ്ങള് എഴുതുന്നത് തികെച്ചും യുക്തിസഹജമാണ്. ദൈവത്തിന്െറ നാമം, ദൈവനഗരത്തിന്െറ നാമം, ക്രിസ്തുവിന്െറ നാമം ഈ മൂന്നു നാമങ്ങള് നമ്മില് ആയിരിക്കുന്നത് എത്ര മഹത്തരമാണ്. എ.ഡി. 1750 1900 വരെയാണ് ഫിലദെൽഫ്യാ കാലയളവ്. സുവിശേഷ വെളിച്ചം എല്ലായിടത്തും പ്രകാശിച്ച കാലമാണ് ഫിലദെൽഫ്യാ കാലയളവ് (തുടരും)